# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 963 — 7.2.2013 ന് മറുപടിയ്ക്ക്.

### *വെർച്വൽ ക്ളാസ്സ് റൂം പദ്ധതി*

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ. കെ. ദാസൻ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വെർച്വൽ ക്ളാസ്സ് റൂം പദ്ധതി നടപ്പിലാക്കുന്നത് ഏതെല്ലാം ഐ.ടി.ഐ.കളിൽ എന്ന് വ്യക്തമാക്കുമോ; കോഴിക്കോട് ജില്ലയിൽ ഏതെല്ലാം; | (എ) സംസ്ഥാനത്ത് വെർച്വൽ ക്ളാസ്സ് റൂം പദ്ധതി നടപ്പിലാക്കുന്ന ഐ.ടി.ഐ. കളുടെ പേരുവിവരം അടങ്ങിയ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. കോഴിക്കോട് ജില്ലയിൽ ഐ.ടി.ഐ. കോഴിക്കോട്, വനിതാ ഐ.ടി.ഐ. കോഴിക്കോട്, ഐ.ടി.ഐ. കൊയിലാണ്ടി എന്നിവിടങ്ങളിലാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന കാര്യങ്ങൾ എന്തെല്ലാം എന്ന് വിശദീകരിക്കാമോ; | (ബി) ആധുനിക വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഒരു സെന്ററിൽ വച്ച് നടത്തുന്ന പരിശീലന പരിപാടി വിദൂര സ്ഥലത്തുള്ള ഐ.ടി.ഐ. കളിൽ തൽസമയം എത്തിക്കുക, ടി സ്ഥലങ്ങളിൽ പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് പരിശീലകരുമായി ആശയ വിനിമയം നടത്തുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക, ഈ കാര്യങ്ങൾക്ക് ആവശ്യമായ കമ്പ്യൂട്ടർ, ഡിജിറ്റൽ ക്യാമറ, മൈക്ക് എൽ.സി.ഡി. പ്രൊജക്ടറുകൾ, സ്ക്രീൻ, രണ്ട് എം.ബി.പി.എസ് സിമിട്രിക് ഇന്റർനെറ്റ് കണക്ഷൻ എന്നിവ സ്ഥാപിക്കുക എന്നിവയാണ് പ്രധാനമായും ചെയ്യുന്നത്. കൂടാതെ ഈ സംവിധാനം ഉപയോഗിച്ച് പരിശീലന പരിപാടി സംഘടിപ്പിക്കുന്നതിൽ പരിശീലകർക്ക് ആവശ്യമായ പരിശീലനം നൽകുകയും ചെയ്യുന്നു. |

(സി) പദ്ധതി നടപ്പിലാക്കുന്ന ഓരോ ഐ.ടി.ഐ.യിലും എത്ര രൂപയാണ് പദ്ധതി / പ്രവൃത്തിക്കായി ചെലവഴിക്കുന്നത്;

(സി) ഈ പദ്ധതിയ്ക്ക് ആവശ്യമായ ഉപകരണങ്ങളുടെ വിലയായി 6,71,729/- രൂപയും രണ്ട് എം.ബി.പി.എസ്. സിമട്രിക് ഇന്റർനെറ്റ് കണക്ഷന്റെ വാർഷിക നിരക്കായ 1,52,810/-രൂപയും ഓരോ ഐ.ടി.ഐ. ക്കും വേണ്ടി ചെലവഴിച്ചിട്ടുണ്ട്. ഇതിനു പുറമെ വാർഷിക ഓപ്പറേഷൻ മെയ്ന്റനൻസ് ഇനത്തിൽ രണ്ടു ലക്ഷം രൂപയും ചെലവ് പ്രതീക്ഷിക്കുന്നു.

(ഡി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഇതുവരെ നടന്നിട്ടുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ ?

(ഡി) വെർച്ചൽ ക്ളാസ്സ് റൂം പദ്ധതി സംസ്ഥാനത്തെ 33 ഐ.ടി.ഐ. കളിൽ നടപ്പിലാക്കിക്കഴിഞ്ഞു. ഈ സംവിധാനം ഉപയോഗിച്ച് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനം വകുപ്പിലെ ഇൻസ്ട്രക്ടർമാർക്ക് നൽകുകയും പരിശീലന പരിപാടി ഏകോപിപ്പിക്കുവാനും മേൽനോട്ടം വഹിക്കാനും വകുപ്പിലെ ഒരു ഉയർന്ന ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പൂനെ ആസ്ഥാനമാക്കിയുള്ള "ഗ്ലോബൽ ടാലന്റ് ട്രാക്ക്" എന്ന സ്ഥാപനം ഇതിനകം 26 പരിശീലന പരിപാടികൾ (വ്യക്തിഗത വികസനത്തിലും, കമ്യൂണിക്കേഷൻ സിസ്റ്റത്തിലും) സൗജന്യമായി നടത്തുകയുണ്ടായി. ആയതിന്റെ പ്രയോജനം 2111 ട്രെയിനികൾക്ക് ലഭിക്കുകയുണ്ടായി. ഇതു കൂടാതെ വകുപ്പിലെ ഇൻസ്ട്രക്ടർമാർ പതിനഞ്ചിൽപരം പരിശീലന പരിപാടികൾ നടത്തിയിട്ടുണ്ട്. കെൽട്രോണുമായി ചേർന്ന് പരിശീലന പരിപാടികൾ നടത്തുവാൻ പദ്ധതി ആവിഷ്കരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

[illegible]ാണ്